**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1344** — **07-02-2023 - ൽ മറുപടിയ്ക്ക്**

**കടലുകാണിപ്പാറ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ കടലുകാണിപ്പാറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ? | (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ കടലുകാണിപ്പാറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ നിർവഹണ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രിഫാബ് ലിമിറ്റഡ് 27.10.2021 ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. നിലവിൽ സൈറ്റ് ഡെവലപ്മെന്റ് വർക്സ് നോട് അനുബന്ധിച്ചുള്ള Earth work excavation മാത്രമാണ് ഏജൻസി നടത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഏജൻസി പുതുക്കിയ എസ്റ്റിമേറ്റ് DSR 2016 പ്രകാരം സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം ഈ പദ്ധതി നടപ്പാക്കാൻ കരാറുകാരന് താല്പര്യം ഇല്ലെന്നും ആയതിനാൽ HPL ഉം DTPC യും തമ്മിൽ ഏർപ്പെട്ട കരാർ റദ്ദ് ചെയ്യണമെന്നും ഏജൻസി ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രദേശത്ത് നടപ്പിലാക്കാൻ കഴിയുന്ന ഘടകങ്ങൾ മാത്രം ഉൾപ്പെടുത്തി DSR 2018 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ്,<br>ആർക്കിടെക്ട് ഫീ ഉൾപ്പെടുത്തി തയ്യാറാക്കി സമർപ്പിക്കാനും തുടർന്ന് HPLനെ കൊണ്ട് തന്നെ ഈ പദ്ധതി നടപ്പാക്കാൻ കഴിയുമോ എന്ന് പരിശോധിക്കുവാനും തിരുവനന്തപുരം ഡിറ്റിപിസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ